Rao Bahadur T. K. Nayar *(Minister for Public Health)*: (*a*) No.
(*b*) Annual maintenance works to the drainage canals are being attended to.

POWERS OF HYDRO-ELECTRIC CHIEF ENGINEER

455. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട ദയവായി മറുപടി പറയുമോ.—

(എ) പെരിങ്ങൽകുത്ത ഹൈഡ്രോ ഇലക്ട്രിക്ക് സ്കീം നടപ്പിൽ വരുത്തുവാൻ നിയമിച്ച ചീഫ് എഞ്ചിനീയക്ക് അദ്ദേഹത്തിന്റെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരേയും നിയമിക്കുന്നതിനും അധികാരമുണ്ടോ;

(ബി) ഈ ഡിപ്പാർട്ടുമെണ്ടിലേക്ക് അടുത്തകാലത്തു പുതിയതായി ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയരെ നിയമിച്ചതിനെ സംബന്ധിച്ചുണ്ടായ എല്ലാ ഗവൺമെണ്ടുത്തരവുകളുടേയും പകർപ്പ മേശപ്പുറത്തുവെക്കാമോ;

(സി) ടി ഡിപ്പാർട്ടുമെണ്ടിൽ കരാറുകാരെ കൊടുക്കുന്നതിനെ സംബന്ധിച്ചു നാട്ടിൽ പൊതുവെ പലേ ആക്ഷേപങ്ങളും ഉള്ളതായി ഗവൺമെണ്ടിന്നറിയാമോ;

(ഡി) ചാലക്കുടിയിൽനിന്നു സാമാനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനു ടെണ്ടർ വിളിച്ചിരുന്നുവോ; ഉണ്ടെങ്കിൽ എത്ര പേർ ടെണ്ടർ വെച്ചിരുന്നു; അവരുടെ റേറ്റെന്താണ്; ഗവൺമെണ്ടിലേക്കു സ്വീകരിച്ച സാമാനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനു എല്പിച്ചയാരെയായിരുന്നു;

(ഇ) ഈ കാര്യത്തിൽ ഗവൺമെണ്ടിലേക്ക് എതെങ്കിലും ആക്ഷേപം കിട്ടിയിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ:

(എ) അസിസ്റ്റാണ്ട് എഞ്ചിനീയർമാരെയും അവക്കു താഴെയുള്ള ബാക്കി എല്ലാ ഉദ്യോഗസ്ഥന്മാരേയും നിയമിക്കുവാൻ അദ്ദേഹത്തിനു് അധികാരമുണ്ട്.

(ബി) ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. (Appendix I)

(സി) ചില ആക്ഷേപങ്ങൾ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്.

(ഡി) ഉവ്വ്. ചാലക്കുടിയിൽനിന്നും ആവശ്യംപോലെ പെരിങ്ങൽകുത്തിലേക്കു സാമാനങ്ങൾ കൊണ്ടുപോകുന്നതിനു ടെണ്ടർ വിളിക്കുകയുണ്ടായി. മൂന്നു പേർ ടെണ്ടർ വെച്ചു. അവർ വെച്ച റേറ്റ കാണിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. (Appendix I) മിസ്റ്റർ പി. കെ. അച്ചുതനെ.

(ഇ) ഉവ്വ്.

FERRY ARRANGEMENTS FOR SCHOOL BOYS

456. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

പോഞ്ഞിക്കര, വല്ലാർപാടം, പനമ്പുകാട്, മുളവുകാട് മുതലായ ദിക്കുകളിൽനിന്നും എറണാകുളത്തേക്കു വരുന്ന വിദ്യാർത്ഥികൾക്കു വേണ്ടത്ര കടത്തു സൌകര്യങ്ങളില്ലാത്തതുകൊണ്ട് ദിവസേന വളരെ വൈകി സ്കൂളിലും മറ്റും എത്തുന്നതായി ഗവൺമെണ്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഈയ്യുണ്ണി: ഉവ്വ്. തൽപരിഹാരാർത്ഥം വേണ്ട നടപടികളും ഗവൺമെണ്ട് എടുക്കുന്നുണ്ട്.

NON-GAZETTED OFFICERS' ASSOCIATION, ERNAKULAM

457. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) എറണാകുളം നോൺഗസറ്റഡ് ആഫീസേഴ്സ് അസോസിയേഷന്റെ ഒരു പൊതുയോഗം മഹാരാജാസ് കോളേജു ഹാളിൽവെച്ചു് നടന്നതിൽ യുദ്ധസേവനംചെയ്തിരിച്ചുവന്നിട്ടുള്ളവർക്ക് ആനുകൂല്യങ്ങളും അവകാശങ്ങളും (Privileges & concessions) അനുവദിക്കപ്പെട്ടിട്ടുള്ളതു് അനീതിയാണെന്നു വിദ്യാഭ്യാസമന്ത്രി മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസംഗിച്ചതായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly